**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6078** **17-03-2023 - ൽ മറുപടിയ്ക്ക്**

**ടാക്സ് ഇനത്തിലുള്ള കുടിശിക പിരിച്ചെടുക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വാറ്റ്, കെ.ജി.എസ്.ടി., സി.എസ്.ടി., ലക്ഷ്വറി ടാക്സ് ഇനത്തിൽ എത്ര രൂപ കുടിശിക പിരിച്ചെടുക്കാനുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത തുക പിരിച്ചെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | 30.11.2022 വരെ സംസ്ഥാനം പിരിച്ചെടുക്കാനുള്ള ജി.എസ്.ടി ഇതര നികുതികളായ വാറ്റ്, കെ.ജി.എസ്.ടി, സി.എസ്.ടി.എൽ.ടി ഉൾപ്പെടെയുള്ള നികുതിയിൽ നിന്നുള്ള കുടിശ്ശിക തുകയുടെ വിവരങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു.<br><br>നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനു ജി.എസ്.ടി വകുപ്പ് കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. റവന്യൂ റിക്കവറിയുടെ പ്രാധാന്യം കണക്കിലെടുത്തു വകുപ്പിന്റെ പുന:സംഘടനയിൽ ഇതിനായി എല്ലാ ജില്ലയിലും പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. വകുപ്പ് തലത്തിലും തഹസിൽദാർ (ആർ ആർ) തലത്തിലും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക തീർപ്പാക്കൽ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയായ ആംനെസ്റ്റി പദ്ധതിയിലൂടെയും നികുതി കുടിശ്ശിക തീർപ്പാക്കിയിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ആംനസ്റ്റി സ്കീമുകൾ പ്രകാരമുള്ള പ്രഖ്യാപിത ലക്ഷ്യങ്ങളും കൈവരിച്ച നേട്ടവും സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ? | (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ആംനെസ്റ്റി പ്രകാരം ഓപ്റ്റ് ചെയ്ത തുകയും പിരിച്ചെടുക്കാൻ സാധിച്ച തുകയും അനുബന്ധം -2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

| ഇനം | കടിശ്ശിക 30.11.2022 വരെ (തുക കോടി രൂപയിൽ) | സ്റ്റേ (തുക കോടി രൂപയിൽ) | റവന്യൂ റിക്കവറി (തുക കോടി രൂപയിൽ) | മറ്റു നടപടികൾ (റൈറ്റ് ഓഫ് /അപ്പീൽ/നോട്ട് കളക്ടബിൽ/NRC) (തുക കോടി രൂപയിൽ) |
|---|---|---|---|---|
| വാറ്റ് | 10867.64 | 4191.18 | 5654.34 | 1022.13 |
| കെ.ജി.എസ്.റ്റി | 2029.42 | 601.95 | 1069.92 | 357.55 |
| എ.ഐ.റ്റി | 26.19 | 5.95 | 15.56 | 4.68 |

## അനുബന്ധം -2

| ക്രമ നം. | സാമ്പത്തിക വർഷം | ആംനസ്റ്റി പ്രകാരം ഓപ്റ്റ് ചെയ്ത തുക (കോടി) | ആംനസ്റ്റി പ്രകാരം പിരിഞ്ഞു കിട്ടിയ തുക (കോടി) |
|---|---|---|---|
| 1 | 2017-18 | 657.56 | 63.22 |
| 2 | 2018-19 | 578.45 | 42.51 |
| 3 | 2019-20 | 1126.27 | 164.14 |
| 4 | 2020-21 | 2167.32 | 270.37 |
| 5 | 2021-22 | 1647.59 | 137.52 |
| 6 | 2022-23 | 534.81 | 66.9 |

സെക്ഷൻ ഓഫീസർ